## ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം

വിഷയം:- ആ.വ.ഡ-ജീവനക്കാര്യം-ശ്രീ.ബിനോയ്.ആർ. ശ്രീ.സിറാജുദ്ദീൻ.എ.എ. ശ്രീ.പ്രേംനാഥ്.കെ.പി എന്നീ സീനിയർ ഒപ്റ്റോമെട്രിസ്റ്റുമാരുടെ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II സീനിയോറിറ്റി പട്ടികയിലെ സ്ഥാനം പുനർനിർണ്ണയം-സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:-

1) സീനിയോറിറ്റി ലിസ്റ്റ് തീയതി, 10/04/2013
2) ഇ.എസ്2-68571/2019/ആ.വ.ഡ തീയതി, 03/09/2020
3) ഇ.എസ്2-121202/2001/ആ.വ.ഡ തീയതി, 21/10/2003
4) ഇ.എസ്2-130164(2)/2021 ആ.വ.ഡ തീയതി, 06/2022
5) ഇ.എസ്2-46287/2021/ആ.വ.ഡ തീയതി, 16/07/2022
6) ഇ.എഫ്4-98020/2008/ആ.വ.ഡ തീയതി, 04/08/2017
7) ഇ.എഫ്4-78478/2020/ആ.വ.ഡ തീയതി, 19/07/2021

### ഉത്തരവ് നം. ഇ.എഫ്4-46287/2021/ആ.വ.ഡ. തീയതി, 28/10/2022

പരാമർശം (1) പ്രകാരമുള്ള ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ.29 ആയ ശ്രീ.ബിനോയ്.ആർ-നെ പരാമർശം (6) പ്രകാരം ക്രമനമ്പർ 16 ആയും, പരാമർശം (2) പ്രകാരമുള്ള 31/07/2019 വരെയുള്ള കാലയളവിലെ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I സീനിയോറിറ്റി പട്ടികയിൽ റാങ്ക് നമ്പർ 41, 42 ആയിട്ടുള്ള യഥാക്രമം ശ്രീ.സിറാജുദ്ദീൻ.എ.എ, ശ്രീ.പ്രേംനാഥ്.കെ.പി എന്നിവരെ പരാമർശം (7) പ്രകാരം യഥാക്രമം 13, 14 ആയും ഉൾപ്പെടുത്തി ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിന്നും സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവായിരുന്നു.

ആരോഗ്യ വകുപ്പിലെ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II-മാരുടെ പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ഉണ്ടായ അപാകതക പരിഹരിക്കുന്നതിനായി ജില്ലാ മെഡിക്കൽ ആഫീസർ ആലപ്പുഴ മുഖേന ലഭിച്ച ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഒപ്റ്റോമെട്രിസ്റ്റ് ആയ ശ്രീമതി.സ്മിത.എം-ന്റെ അപേക്ഷയും, സീനിയർ ഒപ്റ്റോമെട്രിസ്റ്റുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചതും, പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരമുള്ള ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II സീനിയോറിറ്റി പട്ടികയിൽ അപാകതകൾ കണ്ടെത്തുകയും പരാമർശം (4) ഉത്തരവ് പ്രകാരം ശ്രീ.ബിനോയ്.ആർ-ന്റെയും പരാമർശം (5) പ്രകാരം ശ്രീ.സിറാജുദ്ദീൻ.എ.എ, ശ്രീ.പ്രേംനാഥ്.കെ.പി എന്നീ ജീവനക്കാരുടെയും ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി പു:നനിർണ്ണയിച്ചും പരാമർശം (1), (2) പ്രകാരമുള്ള ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I തസ്തികയിലെ സീനിയോറിറ്റി റദ്ദ ചെയ്തും ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാർ സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് യോഗ്യരല്ലാത്തതുമാണ്.

(.....................2)

GOVERNMENT OF KERALA 2017-18

7040

ആയതിനാൽ പരാമർശം (6) പ്രകാരം ശ്രീ.ബിനോയ്.ആർ-നും പരാമർശം (7) പ്രകാരം ശ്രീ.സിറാജ്ജുദ്ദീൻ.എ.എ, ശ്രീ.പ്രേംനാഥ്.കെ.പി എന്നീ ജീവനക്കാർക്കും അനുവദിച്ചിട്ടുള്ള ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിന്നും സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം റദ്ദ് ചെയ്തു കൊണ്ടും ചുവടെ പട്ടികയിൽ പറയും പ്രകാരം ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I തസ്തികയിൽ നിയമിച്ചു കൊണ്ടും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലംമാറ്റി നിയമിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|
| 1) | ശ്രീ.ബിനോയ്.ആർ<br>താലൂക്ക് ആശുപത്രി, തിരുവല്ല, പത്തനംതിട്ട | ജില്ലാ ആശുപത്രി<br>ചെങ്ങന്നൂർ, ആലപ്പുഴ |
| 2) | ശ്രീ.സിറാജ്ജുദ്ദീൻ.എ.എ<br>ജില്ലാ ആശുപത്രി, ഇടുക്കി | 24 X 7 പ്രാഥമികാരോഗ്യ<br>കേന്ദ്രം പാരിപ്പള്ളി, കൊല്ലം |
| 3) | ശ്രീ.പ്രേംനാഥ്.കെ.പി<br>താലൂക്ക് ആസ്ഥാന ആശുപത്രി, ചിറ്റൂർ<br>പാലക്കാട് | ജനറൽ ആശുപത്രി<br>മഞ്ചേരി, മലപ്പുറം |

പരാമർശം (4) ഉത്തരവു പ്രകാരം ശ്രീ.ബിനോയ്.ആർ-ന്റെയും പരാമർശം (5) പ്രകാരം ശ്രീ.സിറാജ്ജുദ്ദീൻ.എ.എ, ശ്രീ.പ്രേംനാഥ്.കെ.പി എന്നീ ജീവനക്കാരുടെയും ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II തസ്തികയിലെ സീനിയോറിറ്റി പുനർനിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാരുടെ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I പ്രൊമോഷനും പുന:പരിശോധിക്കേണ്ടതിനാൽ ടി ജീവനക്കാരുടെ സേവന പുസ്തകം അടിയന്തിരമായി ഈ സെക്ഷനിൽ ലഭ്യമാക്കാനും, ആയതിനു ശേഷം ടി ജീവനക്കാരുടെ ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I തസ്തികയിലെ സ്ഥാനക്കയറ്റം പ്രാബല്യ തീയതി പുന :നിർണ്ണയിച്ച് ഉത്തരവാകുന്നതാണ്. പരാമർശം (6), (7) ഉത്തരവുകൾ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
ഡോ. നന്ദകുമാർ.കെ.വി
അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്

1)ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
2)ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
3)ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
4)ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

സൂപ്രണ്ട്

എസ്.എൻ.28/10/2022

GOVERNMENT OF KERALA 2017-18

7042